ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:25.09.2026

## പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ മറ്റന്നാൾ കേരളത്തിൽ. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ നാളെ സംസ്ഥാനത്തെത്തും.
2. കൂട്ടായ പങ്കാളിത്തത്തിലൂടെയും പരിശ്രമങ്ങളിലൂടെയും മാത്രമേ 'വികസിത ഭാരതം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ സാധിക്കൂ എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
3. പരിസ്ഥിതി ലോല മേഖല കരട് വിജ്ഞാപനത്തിൽനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കണമെന്ന് മന്ത്രി സണ്ണി ജോസഫ്
4. -ഒറ്റ കപ്പലിൽ നിന്ന് 17,400 ടി.ഇ.യു.ചരക്ക് നീക്കി ചരിത്രനേട്ടം കുറിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം .
5. പതിനെട്ടാമത് കേരള അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കം.
6. ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് വീണ്ടും സുവർണ നേട്ടം; ഷൂട്ടിങ് റേഞ്ചിൽ സ്വർണവും വെള്ളിയും സ്വന്തമാക്കി ഇന്ത്യൻ താരങ്ങൾ.

RNU TVPM

## ഉപരാഷ്ട്രപതി, അമിത് ഷാ

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനായി മറ്റന്നാൾ കേരളത്തിലെത്തും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നാളെ സംസ്ഥാനത്ത് എത്തും. മാതാ അമൃതാനന്ദമയിയുടെ 73 -ാാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി നാളെ വൈകുന്നേരം അമൃതപുരിയിൽ നടക്കുന്ന പൊതുപരിപാടി ശ്രീ അമിത് ഷാ ഉദ്ഘാടനം ചെയ്യും. അസമിലെ പ്രളയ ദുരിതാശ്വാസ പ്രവർത്തനനിധിയിലേക്ക് അമൃതാനന്ദമയി മഠം നൽകുന്ന രണ്ട് കോടി രൂപ ചടങ്ങിൽ കൈമാറും. മാതാ അമൃതാനന്ദമയിയുടെ ജന്മദിനമായ ഞായറാഴ്ച നടക്കുന്ന ഔദ്യോഗിക ചടങ്ങുകൾ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി വി. ഡി. സതീശൻ ഉൾപ്പടെയുള്ളവർ പങ്കെടുക്കും. 50 കോടി രൂപയുടെ ജീവകാരുണ്യപദ്ധതികൾക്കും മഠം തുടക്കം കുറിക്കും.

RNU TVPM

## പ്രധാനമന്ത്രി - സേവാ സങ്കൽപ്പ് (ഇൻട്രോ )

കൂട്ടായ പങ്കാളിത്തത്തിലൂടെയും പരിശ്രമങ്ങളിലൂടെയും മാത്രമേ 'വികസിത ഭാരതം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ സാധിക്കൂ എന്ന് പ്രധാനമന്ത്രി

നരേന്ദ്ര മോദി. 'സേവാ സങ്കൽപ്പ് അഭിയാൻറെ' ഭാഗമായി വാരാണസിയിൽ നിന്ന് വഡ്നഗറിലേക്ക് യാത്ര ചെയ്യുന്ന 'സേവാ യാത്രികരുമായി' വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിക്കുകയായിരുന്നു പ്രധാനമന്ത്രി. സർക്കാർ പദ്ധതികൾ രാഷ്ട്രീയ ലാഭത്തിനുള്ളതല്ലെന്നും പദ്ധതികളുടെ ഗുണഫലങ്ങൾ എല്ലാവരിലും എത്തിച്ച് ജനങ്ങൾക്ക് പുതുജീവിതം നല്കുന്നതിനുള്ളതാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ***(ഹോൾഡ് വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**സേവാ സങ്കൽപ്പ്-ചെറുധാന്യങ്ങൾ (ഇൻട്രോ )**

RNUTVPM

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. ചെറുധാന്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച 'ശ്രീ അന്ന' പദ്ധതിയെക്കുറിച്ചാണ് 'സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. ***വിശദാംശങ്ങളിലേക്ക്........***
***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## സേവാ സങ്കൽപ്-ചെറുധാന്യങ്ങൾ (വോയിസ്)

ചെറു ധാന്യങ്ങളുടെ ഉൽപ്പാദനവും വിപണനവും ഉപഭോഗവും പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് 'ശ്രീ അന്ന' എന്ന പദ്ധതി കേന്ദ്ര സർക്കാർ നടപ്പിലാക്കിയത് . 2023 'അന്താരാഷ്ട്ര ചെറുധാന്യ വർഷമായി ' ആചരി ച്ചത് ഇന്ത്യയുടെ പരമ്പരാഗത ഭക്ഷണക്രമത്തിൻറെ ഭാഗമായ ചെറുധാന്യങ്ങൾക്ക് ആഗോളതലത്തിൽ കൂടുതൽ ശ്രദ്ധ നേടിക്കൊടുക്കാൻ സഹായിച്ചു .നാരുകൾ, പ്രോട്ടീൻ, അയൺ, കാൽസ്യം തുടങ്ങിയ പോഷകങ്ങൾ അടങ്ങിയതും ഗ്ലൂട്ടൻ-രഹിതവുമായ ചെറുധാന്യങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതിലൂടെ പ്രമേഹം, അമിതവണ്ണം തുടങ്ങിയ ജീവിതശൈലി രോഗങ്ങൾ തടയാൻ സാധിക്കും . രാജസ്ഥാൻ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഉൽപ്പാദനത്തിനൊപ്പം സംസ്കരണത്തിനും വിപണനത്തിനും മുൻഗണന നൽകി പദ്ധതി മുന്നേറുകയാണ് .

***ന്യൂസ് ഡസ്ക് ആകാശവാണി***

RNUTVPM

## പ്രധാനമന്ത്രി

പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായയുടെ ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലികൾ അർപ്പിച്ചു. സമൂഹത്തിലെ ഏറ്റവും പിന്നാക്കാവസ്ഥയിലുള്ള വ്യക്തിയുടെ ഉന്നമനമാണ് രാഷ്ട്രനിർമ്മാണത്തിന്റെ

അടിത്തറയെന്ന് ദീൻദയാൽ ഉപാധ്യായ വിശ്വസിച്ചിരുന്നതായി സാമൂഹിക മാധ്യമത്തിൽ പങ്കുവെച്ച കുറിപ്പിൽ പ്രധാനമന്ത്രി സ്മരിച്ചു.

## മന്ത്രി സണ്ണി ജോസഫ്

പരിസ്ഥിതി ലോല മേഖല കരട് വിജ്ഞാപനത്തിൽനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കണമെന്നാണ് സംസ്ഥാന സർക്കാരിൻറെ ആവശ്യമെന്ന് മന്ത്രി സണ്ണി ജോസഫ് പറഞ്ഞു. ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ സംസ്ഥാന സർക്കാരിൻറെ നിർദേശങ്ങൾ കേന്ദ്രസർക്കാരിനെ അറിയിച്ചു. ഇതു സംബന്ധിച്ച് ആവശ്യമെങ്കിൽ നിയമസഭയിൽ പ്രമേയം കൊണ്ടുവരും. പരിസ്ഥിതി ലോല മേഖലയുടെ വിസ്തൃതി കുറയ്ക്കണം. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ പോയി ആശങ്കകൾ അറിയിക്കുമെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

## വിഴിഞ്ഞം തുറമുഖം

ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകളിലൊന്നായ 'എം.എസ്.സി ലോറെറ്റോ'യിൽ നിന്ന് 17,400 T.E.U. ചരക്ക് നീക്കി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ചരിത്രനേട്ടം കുറിച്ചു. ഒരു ഇന്ത്യൻ തുറമുഖത്ത് ഒറ്റ

RNUTVPM

വെസ്സലിൽ നിന്ന് കൈകാര്യം ചെയ്യുന്ന ഏറ്റവും വലിയ ചരക്കുനീക്കങ്ങളിലൊന്നാണിത്. സിംഗപ്പൂരിൽ നിന്ന് കൊളംബോയിലേക്കുള്ള യാത്രയ്ക്കിടെ വിഴിഞ്ഞത്തെത്തിയ കപ്പലിലെ ചരക്കുനീക്കം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വേഗത്തിൽ പൂർത്തിയാക്കി. അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബെന്ന നിലയിൽ വിഴിഞ്ഞത്തിന്റെ ശേഷിയാണ് ഈ നേട്ടം തെളിയിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**ഏഷ്യൻ ഗെയിംസ്**

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് രണ്ടാം സ്വർണം. ഷൂട്ടിങ് റേഞ്ചിൽ 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം ഇനത്തിൽ കമൽജീത്- സുരുചി സിംഗ് സഖ്യമാണ് സുവർണ്ണ നേട്ടം കൊയ്തത്. പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾ ത്രീ പൊസിഷൻ ടീം ഇനത്തിൽ ഇന്ത്യയുടെ രുദ്രാങ്ക്ഷ് പാട്ടീൽ, ഐശ്വര്യ പ്രതാപ് സിംഗ് തോമർ, നീരജ്കുമാർ എന്നിവരടങ്ങിയ ടീം വെള്ളി മെഡൽ കരസ്ഥമാക്കി. ഇതോടെ രണ്ട് സ്വർണ്ണവും, എട്ട് വെള്ളിയും, ഒൻപത് വെങ്കലവും ഉൾപ്പെടെ 19 മെഡലുമായി ഇന്ത്യ പന്ത്രണ്ടാം സ്ഥാനത്തേക്ക് ഉയർന്നു. രാഷ്ട്രപതി ദ്രൗപദി മുർമുവും കേന്ദ്രകായികമന്ത്രി മൻസുഖ് മാണ്ഡവ്യയും മെഡൽ ജേതാക്കളെ അഭിനന്ദിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

RNUTVPM

## സൂപ്പർ ലീഗ് കേരള ഫുട്ബോൾ

സൂപ്പർ ലീഗ് കേരള ഫുട്ബോൾ ടൂർണമെന്റ് മൂന്നാം സീസണ് ഇന്ന് കണ്ണൂരിൽ തുടക്കമാകും . ജവഹർ സ്റ്റേഡിയത്തിൽ രാത്രി എട്ട് മണിക്ക് നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ നിലവിലെ ജേതാക്കളായ കണ്ണൂർ വാരിയേഴ്സ് എഫ്സി, തൃശൂർ മാജിക് എഫ്സിയെ നേരിടും.

## അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്ര മേള (ഇൻട്രോ )

പതിനെട്ടാമത് കേരള അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. വൈകുന്നേരം കൈരളി തിയേറ്ററിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി പി. സി. വിഷ്ണുനാഥ് മേള ഉദ്ഘാടനം ചെയ്യും. മേയർ വി. വി. രാജേഷ് ഫെസ്റ്റിവൽ ബുക്കിൻറെ പ്രകാശനം നിർവ്വഹിക്കും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് ------ (വോയിസ് )***

## മേയ്ക്ക് ഇൻ ഇന്ത്യ

RIJU TVPM

കേന്ദ്ര സർക്കാരിൻറെ പ്രമുഖ പദ്ധതിയായ 'മേയ്ക്ക് ഇൻ ഇന്ത്യ' ആരംഭിച്ചിട്ട് ഇന്ന് 12 വർഷം പൂർത്തിയാകുന്നു. 2014-ൽ തുടക്കമിട്ട ഈ പദ്ധതി രാജ്യത്തെ നിർമ്മാണ, സാങ്കേതിക, നിക്ഷേപ മേഖലകളിൽ വൻ കുതിച്ചുചാട്ടമാണ് സൃഷ്ടിച്ചത്. നിലവിൽ 27 പ്രമുഖ മേഖലകളെ കേന്ദ്രീകരിച്ചാണ് 'മേയ്ക്ക് ഇൻ ഇന്ത്യ 2.0' മുന്നേറുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**മഴ-കേരളം**

കേരളത്തിൽ വടക്കൻ ജില്ലകളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം , കോഴിക്കോട് , വയനാട് , കണ്ണൂർ , കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട് . . കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട് .

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**മൻ കീ ബാത്ത്**

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 27-ന്. പരിപാടിയുടെ 138-ാം പതിപ്പാണിത്. ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും

1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും ഇന്നു കൂടി പങ്കുവയ്ക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## ഇന്ത്യ ഇൻറർനാഷണൽ വാട്ടർ വീക്ക്

ന്യൂഡൽഹിയിൽ നടക്കുന്ന ഒമ്പതാമത് 'ഇന്ത്യ അന്താരാഷ്ട്ര ജലവാര'ത്തിൻറെ ഭാഗമായി കേന്ദ്ര ജൽശക്തി മന്ത്രി സി.ആർ. പാട്ടീലും നെതർലാൻഡ്സ് മന്ത്രി യാപ് സ്ലോട്ട്മേക്കറും കൂടിക്കാഴ്ച നടത്തി. ഗുജറാത്തിലെ കൽപ്പസാർ ശുദ്ധജല സംഭരണി പദ്ധതിക്കായും സാങ്കേതിക വികസനത്തിനുമായി ഇരുരാജ്യങ്ങളും തമ്മിൽ രണ്ട് നിർണായക ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## തിരുവോണം ബമ്പർ

സംസ്ഥാന ഭാഗ്യക്കുറി ചരിത്രത്തിലെ ഏറ്റവും ഉയർന്ന ഒന്നാം സമ്മാനമായ 30 കോടി രൂപയുടെ തിരുവോണം ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പ് നാളെ നടക്കും. ഉച്ചയ്ക്ക് തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ മന്ത്രി കെ. മുരളീധരൻ നറുക്കെടുപ്പ് ഉദ്ഘാടനം ചെയ്യും . ഈ വർഷത്തെ പൂജ ബമ്പർ ഭാഗ്യക്കുറി ടിക്കറ്റിന്റെ പ്രകാശനവും മന്ത്രി ചടങ്ങിൽ നിർവ്വഹിക്കും.അച്ചടിച്ച 90 ലക്ഷം തിരുവോണം

ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകളിൽ 89.85 ലക്ഷം ടിക്കറ്റുകളും ഇതിനകം വിറ്റഴിഞ്ഞിട്ടുണ്ട്.

❋❋❋❋❋❋❋❋❋❋❋❋❋

**രോഗി മരിച്ചു**

ഇടുക്കി അണക്കരയിൽ നിന്ന് കട്ടപ്പനയിലേക്ക് രോഗിയുമായി വന്ന ആംബുലൻസ് നഗരത്തിന് സമീപം പാറക്കടവിൽ മറിഞ്ഞ് ഒരാൾ മരിച്ചു. അണക്കര സ്വദേശി രാജനാണ് മരിച്ചത്. അപകടത്തിൽ ഡ്രൈവർക്ക് പരിക്കേറ്റു.

❋❋❋❋❋❋❋❋❋❋❋❋❋

**ആധാർ സേവാ കേന്ദ്രം**

പാലക്കാട് ജില്ലയിലെ പുതിയ ആധാർ സേവാ കേന്ദ്രം പ്രവർത്തനം ആരംഭിച്ചു . ഭാരത സർക്കാരിന്റെ യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ട് നടത്തുന്നതാണ് ഈ പുതിയ കേന്ദ്രം.

RIJU TVPM

❋❋❋❋❋❋❋❋❋❋❋❋❋

**കടപ്പത്രം**

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,800 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ഈ മാസം 29ന്

റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

## നിയമസഭാസമിതി യോഗം

കേരള നിയമസഭയുടെ പട്ടികജാതി-പട്ടിക വർഗ ക്ഷേമം സംബന്ധിച്ച കമ്മിറ്റി തിങ്കളാഴ്ച രാവിലെ എറണാകുളം ജില്ലാ കളക്ടറേറ്റ് ൽ യോഗം ചേരും. വ്യക്തികൾക്കും സംഘടനാപ്രതിനിധികൾക്കും ഹർജിയും നിവേദനങ്ങളും യോഗത്തിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്.

PNLTVPM